K24U 4114

Reg. No.: ................................

Name : ....................................

NAVAJYOTHI COLLEGE
KANNUR DT.
670511
POST BAG No. 5, CHERUPUZHA

**First Semester B.Com./B.B.A./B.B.A. (T.T.M./R.T.M./A.H.)/B.T.T.M. Degree (C.B.C.S.S.-OBE – Supplementary/Improvement) Examination, November 2024**
**(2019 to 2023 Admission)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-1 MAL : സാഹിത്യ രൂപങ്ങൾ**

Time : 3 Hours	Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2 എണ്ണത്തിന് 300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) കാലപരിണതിയിൽ വ്യക്തിക്കും സമൂഹത്തിനും പരിസ്ഥിതിക്കും സംഭവിക്കുന്ന മാറ്റങ്ങൾ മണൽക്കാലം എന്ന കവിത അവതരിപ്പിക്കുന്നതെങ്ങനെ ?

2) ലേബർ റൂം എന്ന നാടകം പ്രത്യക്ഷവൽക്കരിക്കുന്ന സ്ത്രീസ്വത്വങ്ങളുടെ ഭിന്നഭാവങ്ങൾ വിശകലനം ചെയ്യുക.

3) മലയാളത്തിലെ സ്ത്രീപക്ഷ സിനിമകളിൽ വേറിട്ടു നിൽക്കുന്ന ഒന്നാണ് 'ആദാമിന്റെ വാരിയെല്ല് ' – നിരൂപണം തയ്യാറാക്കുക.

4) പാപ – പുണ്യങ്ങളെക്കുറിച്ചുള്ള പരിചിന്തനം ആയുസ്സിന്റെ പുസ്തകത്തിലെ മിക്കവാറും എല്ലാ കഥാപാത്രങ്ങളെയും മഥിക്കുന്നുണ്ട്. – വിശകലനം ചെയ്യുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന് 150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'തൊട്ടാവാടികൾ ആരെയും വിശ്വസിക്കാറില്ല എന്നെന്നേക്കുമായി വാടാറുമില്ല' – വ്യാഖ്യാനിക്കുക.

6) 'ഒരന്യഗ്രഹത്തിൽ നമ്മൾ തനിച്ചായാൽ പരസ്പരം ആശ്രയിക്കാതെ സംസാരിക്കാതെ നമ്മളെങ്ങനെയാണ് കഴിയുക ?' സൂചിതം വ്യക്തമാക്കുക.

7) അമ്മിണി എന്ന കഥാപാത്രത്തിന്റെ ജീവിതസാഹചര്യങ്ങൾ വ്യക്തമാക്കുക.

8) തോമ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

9) നീലക്കുയിൽ, രാരിച്ചൻ എന്ന പൗരൻ തുടങ്ങിയ ചലച്ചിത്രങ്ങളിലെ പാട്ടുകളെ ലേഖിക വിലയിരുത്തുന്നതെങ്ങിനെ ?

10) ആയുസ്സിന്റെ പുസ്തകത്തിലെ ആഖ്യാനശൈലിയുടെ സവിശേഷതകൾ വിവരിക്കുക. **(4×3=12)**

P.T.O.

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'ഉണ്ണികളാരും വരാറില്ല
ഉരുണ്ടു ചിരിക്കുന്നില്ല നെല്ലിക്കകൾ' – സൂചിതം വ്യക്തമാക്കുക.

12) 'വേണംന്ന് വെച്ചിട്ടൊന്നും ആവില്യല്ലോ ? ഓരോരുത്തരുടെ കഷ്ടകാലം, ദുരിതം' – സൂചിതം വ്യക്തമാക്കുക.

13) റാഹേൽ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

14) ആനി യോഹന്നാനെഴുതിയ കത്തിൽ അവളുടെ ഹൃദയവ്യഥകൾ പ്രകടമാകുന്നതെങ്ങനെ ?

15) 'നഗരാനുഭവത്തിന്റെ കവി' എന്ന് ലേഖകൻ ബാലചന്ദ്രനെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?

16) 'ആ വിധിയത്രേ ഞങ്ങൾക്കുച്ച –
യ്ക്കാകെ പട്ടിണിവിധിയായി' – സൂചിതം വ്യക്തമാക്കുക. **(4×2=8)**

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) കെ. ജി. ശങ്കരപ്പിള്ള

18) സി. വി. ബാലകൃഷ്ണൻ

19) ബിന്ദു കൃഷ്ണൻ

20) 'വൈകുണ്ഠത്തിൽ കേൾക്കണമത്രേ
വ്യാഖ്യാനിച്ചാളമ്മായി' – ആരുടെ ഏതു വാക്കുകളാണ് അമ്മായി വ്യാഖ്യാനിച്ചത് ?

21) 'യാത്രാമൊഴി' എന്ന കവിതയുടെ സവിശേഷതകൾ വ്യക്തമാക്കുക.

22) ഒരു പ്രബുദ്ധസദസ്സിലിരുന്ന് ചലച്ചിത്രസംഗീതത്തെക്കുറിച്ച് സംസാരിക്കാൻ സാധാരണ ആസ്വാദകൻ മടിക്കുന്നതെന്തുകൊണ്ട് ? **(4×1½=6)**

KANNUR UNIVERSITY

K23U 4114

Reg. No.: ..............................

Name : ..................................

NIRMALAGIRI... JYOTHI COLLEGE, KANNUR DT. 670511, POST BAG No. 5, CHERUPUZHA

**I Semester B.Com./B.B.A./B.B.A.(TTM)/B.B.A.( RTM)/B.T.T.M./B.B.A.(AH) Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, November 2023**

**(2019 Admission Onwards)**

**ADDITIONAL COMMON COURSE IN MALAYALAM**

**1A07-1MAL : സാഹിത്യരൂപങ്ങൾ**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) *മോഹൻദാസ് കരംചന്ദ് ഗാന്ധിയും നാഥൂറാം ഗോഡ്സേയും* – എന്ന കവിതയ്ക്ക് സമകാലീക പ്രസക്തിയുണ്ട്. ചർച്ച ചെയ്യുക.

2) കെ. ജി. ജോർജും മലയാള സിനിമയും – ആദാമിന്റെ വാരിയെല്ല് മുൻനിർത്തി വിശദീകരിക്കുക.

3) സാർവ്വലൗകികമായി സ്ത്രീകൾ അനുഭവിക്കുന്ന സങ്കീർണതകൾ ഏകതാനകമാണ് അതുകൊണ്ടുതന്നെ ഈ നാടകത്തിലെ സ്ത്രീകഥാപാത്രങ്ങൾക്കൊന്നും പേരില്ല – ലേബർ റൂം നാടകം മുൻനിർത്തി വിശദീകരിക്കുക.

4) മനുഷ്യന്റെ അദമ്യമായ ദാഹങ്ങളുടെയും അടക്കാനാവാത്ത മോഹങ്ങളുടെയും ആഖ്യാനമാണ് 'ആയുസ്സിന്റെ പുസ്തകം' – വിലയിരുത്തുക. **(2×7=14)**

II. **ഓരോന്നും 150** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

5) മലയാള ചലച്ചിത്ര ഗാനങ്ങളുടെ സവിശേഷതകളായി എസ്. ശാരദക്കുട്ടി ചൂണ്ടി കാണിക്കുന്നത് എന്തെല്ലാമാണ് ?

6) ''കായൽക്കരയിൽ വെച്ച് ജ്യേഷ്ഠൻ അനുജനോട് ഒരു കഥ പറഞ്ഞു.'' എന്താണ് പറഞ്ഞ കഥ ? സന്ദർഭം വിശദീകരിക്കുക.

7) ആധുനിക മനുഷ്യന്റെ വികസന ഭ്രാന്തിൽ നിന്നുയരുന്ന വിഹ്വലതകളെ സമർത്ഥമായി ആവിഷ്കരിക്കുകയാണ് ആറ്റൂരിന്റെ മൊട്ട എന്ന കവിതയിൽ – വിലയിരുത്തുക.

8) കടൽക്കാക്കകൾ സർവതന്ത്ര സ്വതന്ത്രതയുടെ പ്രതീകങ്ങളാണ്, സ്വച്ഛതയുടെയും സൗമ്യതയുടെയും പ്രകട രൂപങ്ങൾ – വൈലോപ്പിള്ളിയുടെ കടൽകാക്കകൾ മുൻനിർത്തി വിശദീകരിക്കുക.

9) ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലെ അടിസ്ഥാന പ്രകൃതമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാമാണ് ?

10) മണൽ എന്ന പാരിസ്ഥിതിക ബിംബത്തെയും കാലം എന്ന അമൂർത്തവുമായ ചലന ബിംബത്തെയും സമന്വയിച്ചുള്ള മാനവിക വീക്ഷണങ്ങളാണ് – കെ. ജി. എസ്സിന്റെ മണൽകാലം എന്ന കവിതയിൽ -സമർത്ഥിക്കുക. **(4×3=12)**

III. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) ഒരേ മണലിൽ കളിച്ചും നിഴലളന്നും കുഞ്ഞു നേരങ്ങളോടി – ആശയം വിശദീകരിക്കുക.

12) എഴുത്തുകാരന്റെ മരണം എന്ന ആശയം കൃത്യമായി സംഭവിക്കുന്നത് പാട്ടുകളിലാണ് – വിശദീകരിക്കുക.

13) ആത്മപ്രതിരോധം സാധ്യമാക്കുന്ന വഴികൾ തൊട്ടാവാടിച്ചെടി പെൺകുട്ടിക്ക് പറഞ്ഞു കൊടുക്കുന്നത് എപ്രകാരമാണ് ?

14) 'ലോഹിതാക്ഷൻ എന്ന ബാർബർ ഒരു അധമ കഥാപാത്രമാണ്' – സൂചിതമെന്ത് ?

15) ഭാഷയെ വൈദ്യുതീകരിക്കുന്ന കലയാണ് ചുള്ളിക്കാടിന്റെ കവിതയുടെ മാത്രം പ്രത്യേകതയാണ് എന്ന് സജയ് കെ. വി. സൂചിപ്പിക്കാനുള്ള പ്രധാന കാരണങ്ങളെന്ത് ?

16) 'അരി വാങ്ങുവാൻ ക്യൂവിൽ –
ത്തിക്കിനിൽക്കുന്നു ഗാന്ധി ...' – സന്ദർഭം എന്ത് ? **(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) എൻ. വി. കൃഷ്ണവാര്യർ

18) കെ. ജി. ജോർജ്ജ്

19) ആറ്റൂർ രവിവർമ്മ

20) തൊട്ടാൽ വാടരുത്

21) ആദാമിന്റെ വാരിയെല്ല്

22) ബാലചന്ദ്രൻ ചുള്ളിക്കാട്. **(4×1½=6)**

# K22U 3483

Reg. No. : ..............................

Name : ..................................

**I Semester B.Com./B.B.A./B.B.A. (T.T.M.)/B.B.A. (RTM)/B.T.T.M./B.B.A. (AH) Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, November 2022**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-1MAL : സാഹിത്യ രൂപങ്ങൾ**

Time : 3 Hours | Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2** എണ്ണത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) കുട്ടിക്കാലത്തിന്റെ ഓർമകളും വർത്തമാനകാലസ്വപ്നങ്ങളും ചേർത്ത് ഇഴ നെയ്തതാണ് 'കടൽക്കാക്കകളു'ടെ ആഖ്യാനതലം. വിശദീകരിക്കുക.

2) ഇന്ത്യൻ രാഷ്ട്രീയ ജീവിതത്തിൽ പടർന്ന ജീർണതയുടെ ചിത്രങ്ങൾ 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിത പ്രതിഫലിപ്പിക്കുന്നത് എങ്ങനെ ? വിശദീകരിക്കുക.

3) മഹത്വവൽക്കരിക്കപ്പെട്ട മാതൃത്വസങ്കല്പങ്ങളെ പൊളിച്ചെഴുതുകയാണ് 'ലേബർ റൂം' എന്ന നാടകം. വിശകലനം ചെയ്യുക.

4) 'ആയുസ്സിന്റെ പുസ്തക'ത്തിലെ പ്രധാനകഥാപാത്രങ്ങളെല്ലാം തന്നെ ഏകാന്തത, അരക്ഷിതത്വം, പാപബോധം എന്നിവ അനുഭവിക്കുന്നവരാണ്. – വിലയിരുത്തുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) കാലപരിണതിയിൽ കഴുകൻമലയ്ക്ക് സംഭവിച്ച മാറ്റങ്ങൾ കവി അടയാളപ്പെടുത്തുന്നതെങ്ങനെ ?

6) 'തൊട്ടാൽ വാടരുത്' എന്ന കവിത മുന്നോട്ടുവെക്കുന്ന ജീവിത പാഠങ്ങൾ എന്തൊക്കെ ?

7) ലേബർ റൂമിൽ പ്രവേശിപ്പിച്ച രണ്ടാമത്തെ സ്ത്രീയുടെയും മൂന്നാമത്തെ സ്ത്രീയുടെയും ജീവിതാവസ്ഥകൾ തമ്മിലുള്ള അന്തരം വ്യക്തമാക്കുക.

8) വാസന്തി എന്ന കഥാപാത്രത്തിന്റെ ജീവിത സാഹചര്യങ്ങൾ വ്യക്തമാക്കുക.

9) യോഹന്നാൻ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

10) മലയാള ചലച്ചിത്രഗാനശാഖയുടെ വളർച്ചയെ ലേഖിക അടയാളപ്പെടുത്തുന്നതെങ്ങനെ ? **(4×3=12)**

III. **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'പുഴമണലിൽ വായിച്ചു
കാലങ്ങളന്നു നാം' – ആശയം വിശദമാക്കുക.

12) 'ജനിച്ചുവീഴുന്ന ഒരു കുഞ്ഞിന്റെ ആദ്യത്തെ ശബ്ദം. അതുപോലൊരു സംഗീതം വേറെയില്ല'. – സൂചിതം വ്യക്തമാക്കുക.

13) പൗലോ എന്ന കഥാപാത്രം അനുഭവിക്കുന്ന ആത്മസംഘർഷങ്ങൾ വ്യക്തമാക്കുക.

14) 'വിഷമിക്കരുത്. ദൈവം സാറയുടേത് കൂടിയാണ്.' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

15) ഏകാകികളോടും പോരാളികളോടും ഒരേസമയം ഐക്യപ്പെടുന്നതാണ് ബാലചന്ദ്രന്റെ കവിത എന്ന് പറയാൻ കാരണമെന്ത് ?

16) 'മകനേ, ഹാ ദയ തോന്നും, നിൻ ചെറു –
മുഖമതിനാലേ കുതിർക്കട്ടെ' – ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക. **(4×2=8)**

IV. **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) ആറ്റൂർ രവിവർമ്മ.

18) ആയുസ്സിന്റെ പുസ്തകം.

19) കെ. ജി. ജോർജ്.

20) അറബിക്കഥകളിലെ വിപ്ലവഗാനം ജനമനസ്സുകളെ കീഴടക്കിയതെങ്ങനെ ?

21) 'നിത്യരാത്രി' എന്ന കവിതയുടെ സവിശേഷതയെന്ത് ?

22) 'അന്യഗ്രഹത്തിൽ നിന്നുള്ള ഗർഭിണിക്ക് ഭൂമിയിൽ നിന്നുള്ള സ്നേഹോപഹാരമല്ലേ. കഴിച്ചോളൂ.' – സൂചിതമെന്ത് ? **(4×1½=6)**

---

K21U 6772

Reg. No. : ...............................

Name : ...................................

**I Semester B.Com./B.B.A./B.B.A.(TTM)/B.B.A. (RTM)/B.T.T.M./B.B.A.(AH) Degree (C.B.C.S.S. – O.B.E.-Regular/Supplementary/Improvement) Examination, November 2021**

**(2019 Admission Onwards)**

**ADDITIONAL COMMON COURSE IN MALAYALAM**

**1A 07-1MAL : സാഹിത്യരൂപങ്ങൾ**

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന നാലു ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **മുന്നൂറു** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) സ്വാതന്ത്ര്യാനന്തര ഇൻഡ്യൻ രാഷ്ട്രീയ ജീവിതത്തിൽ സംഭവിച്ച ആദർശ ത്തകർച്ചയുടെ ജീർണതയാണ് 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിത വിശകലനം ചെയ്യുക.

2) സമൂഹത്തെ ഭയന്ന് അടക്കിവയ്ക്കേണ്ടിവരുന്ന സ്ത്രൈണാനുഭവങ്ങളുടെ ആവി ഷ്ക്കാരമാണ് 'ലേബർ റൂം' നാടകം. ചർച്ച ചെയ്യുക.

3) ആയുസ്സിന്റെ പുസ്തകത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

4) ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളുടെ സഹജസ്വഭാവം എന്തൊക്കെയാ ണെന്നാണ് ലേഖകൻ കണ്ടെത്തുന്നത് ?

II. താഴെ തന്നിരിക്കുന്ന ആറു ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **നൂറ്റമ്പതു** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) 'മൊട്ട്' എന്ന കവിത മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതിക മാനങ്ങൾ എന്തൊക്കെയാണ് ?

6) മലയാളത്തിലെ ആദ്യസ്ത്രീപക്ഷ സിനിമയായി 'ആദാമിന്റെ വാരിയെല്ലി'നെ കണക്കാക്കാമോ ? വിമർശനാത്മകമായി വിലയിരുത്തുക.

7) കഥാപാത്രനിരൂപണം തയ്യാറാക്കുക – യാക്കോബ്.

8) ബൈബിളിലെ കാവ്യാത്മകഭാഷയുടെ പ്രയോഗമാണ് ആയുസ്സിന്റെ പുസ്തകത്തിലുള്ളത് – സമർത്ഥിക്കുക.

9) ഭാഷയെ വൈദ്യുതീകരിക്കുന്ന എന്തൊക്കെ ഘടകങ്ങളാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലുള്ളത് ?

10) മലയാള ചലച്ചിത്രഗാനങ്ങളിലെ കല്പനകൾ പലതും കാളിദാസഭാവനയ്ക്കു സമാനമാണെന്നു ലേഖിക പറയുന്നതിനുള്ള കാരണമെന്താണ് ?

III. താഴെ തന്നിരിക്കുന്ന ആറു ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **നൂറു** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) എന്തൊക്കെ പാഠങ്ങളാണ് 'തൊട്ടാൽ വാടരുത്' എന്ന കവിത പെൺകുട്ടികൾക്കു നല്കുന്നത് ?

12) കെട്ടുകാഴ്ചകളായി മാറിയ വർത്തമാനകാലത്തിൽ നിന്നു ഭൂതകാലത്തിന്റെ സമ്പന്നതയിലേക്കുള്ള നോട്ടമാണ് 'മണൽക്കാലം' എന്ന കവിത. വിലയിരുത്തുക.

13) 'ലേബർ റൂം' നാടകത്തിന്റെ പ്രമേയപരമായ പ്രത്യേകതകൾ ചുരുക്കി വിവരിക്കുക.

14) യാക്കോബിന്റെ വചനങ്ങൾ മാത്യുവിന്റെ ജീവിതത്തെ എപ്രകാരമാണ് സ്വാധീനിച്ചത് ?

15) 'ഒറ്റയ്ക്കാകുമ്പോൾ മരിപ്പതിനു തുല്യമാണ്. ജീവനുണ്ടായിട്ടും മരിച്ച ഒരാള്' – സന്ദർഭം വിശദമാക്കുക.

16) 'മലയാള സിനിമാഗാനങ്ങളിൽ ഒരു സെക്കുലർ ബോധമുണ്ടെന്നു മനസ്സിലാക്കാം' – ഈ പ്രസ്താവന വിലയിരുത്തുക.

IV. താഴെ തന്നിരിക്കുന്ന ആറു ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) ഏട്ടൻ അനിയനെ കായൽക്കരയിലേക്കു ക്ഷണിക്കാനുള്ള കാരണമെന്ത് ?

18) കഥാപാത്ര പരിചയം നടത്തുക : ആലീസ്.

19) 'അവൻ ഒരു പക്ഷിയെപ്പോലെ ഏകാകി ആയിരുന്നു.' സന്ദർഭം വ്യക്തമാക്കുക.

20) മലയാളത്തിലെ ചലച്ചിത്രഗാനങ്ങൾ ജനകീയഗാനങ്ങളാകുന്നത് എപ്രകാരമാണ് ?

21) എഴുത്തുകാരന്റെ മരണം കൃത്യമായി സംഭവിക്കുന്നത് ചലച്ചിത്രഗാനങ്ങളിലാണെന്നു പറയാൻ കാരണമെന്ത് ?

22) ബാലചന്ദ്രൻ ചുള്ളിക്കാട്.

---

Reg. No.: ...............................

Name : ...................................

NANJY ATHI COLLEGE
KANNUR DT.
670511
POST BAG No. 5, CHERUPUZHA

**K20U 3355**

**I Semester B.Com./B.B.A./ B.B.A. (TTM)/ B.B.A.(RTM)/ B.B.A.(AH)/B.T.T.M. Degree CBCSS (OBE) Reg./Sup./Imp. Examination, November 2020**
**(2019 Admn. Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-1 MAL : സാഹിത്യരൂപങ്ങൾ**

Time : 3 Hours　　　　Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2** എണ്ണത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) കാലത്തിനുനേർക്കുള്ള ചിരിയാണ് ഗാന്ധിയും ഗോഡ്സെയും എന്ന കവിത – വിശകലനം ചെയ്യുക.

2) സ്ത്രീജീവിതത്തിന്റെ വ്യത്യസ്തതലങ്ങളെ ആദാമിന്റെ വാരിയെല്ലിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ? വിശദീകരിക്കുക.

3) അടക്കിവയ്ക്കലുകളുടെ ലംഘനമാണ് ജീവിതം. ആയുസ്സിന്റെ പുസ്തകം എന്ന നോവലിനെ ആസ്പദമാക്കി ഉപന്യസിക്കുക.

4) ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയുടെ പ്രത്യേകതകൾ വിശദീകരിക്കുക.

**(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) മൊട്ടയിൽ അവതരിപ്പിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തൊക്കെയാണ് ?

6) ''സ്ത്രീ സ്ത്രീയായി ജീവിക്കുന്നത് ലേബർറൂമിൽ മാത്രമാണ് '' ലേബർറൂമിനെ ആസ്പദമാക്കി വിലയിരുത്തുക.

7) വിലക്കുകളില്ലാത്ത ലോകത്തു ജീവിക്കാനാഗ്രഹിക്കുന്നവരുടെ പ്രതിനിധികളാണ് യോഹന്നാനും സാറയും. വിശകലനം ചെയ്യുക.

8) സാഹചര്യങ്ങൾ മാത്രമാണ് തെറ്റുകാർ. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ആയുസ്സിന്റെ പുസ്തകത്തിലെ കഥാപാത്രങ്ങളെ വിലയിരുത്തുക.

9) ചലച്ചിത്രഗാനങ്ങൾ രണ്ടാംകിട രചനകളല്ലെന്ന് ശാരദക്കുട്ടി സമർത്ഥിക്കുന്നതെങ്ങനെ ?

10) ഇടപ്പള്ളിക്കവികളുടെ പിൻഗാമിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട് – വിശദീകരിക്കുക.

**(4×3=12)**

**P.T.O.**

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) കായൽച്ചൂളമരങ്ങൾ കണക്കെൻ
കവിതകളുണ്ടതിൽ മൂളുന്നു – ആശയം വ്യക്തമാക്കുക.

12) രണ്ടുപേർക്കിടയിലൊരു പുഴയുണ്ട് – പുഴ പ്രതിനിധാനം ചെയ്യുന്ന ആശയം വ്യാഖ്യാനിക്കുക.

13) സ്ത്രീ സ്ത്രീയെ അറിയുന്ന ലോകമാണ് ലേബർറൂം – വിശകലനം ചെയ്യുക.

14) ആയുസ്സിന്റെ പുസ്തകത്തെ പരിചയപ്പെടുത്തുക.

15) വ്യക്തിസ്വാതന്ത്ര്യത്തിനു സ്ഥാനമില്ലാത്തവരുടെ ജീവിതത്തെപ്പറ്റിയാണ് ആയുസ്സിന്റെ പുസ്തകത്തിൽ ചർച്ച ചെയ്യുന്നത് – വിശകലനം ചെയ്യുക.

16) പ്രണയത്തെ ഏറ്റവും തീവ്രമായി ആവിഷ്കരിക്കുന്നത് ചലച്ചിത്രഗാനങ്ങളാണ് – നിരൂപണദൃഷ്ട്യാ പരിശോധിക്കുക. **(4×2=8)**

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) ആക്ഷേപഹാസ്യകവിത.

18) ആലീസ് – വാസന്തി.

19) പൗലോ – തോമ.

20) അമാവാസി.

21) ഇടപ്പള്ളിക്കവികൾ.

22) എവിടെ ജോൺ. **(4×1½=6)**

---